**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണവകുപ്പ് - പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.സ്മിതാ തോമസിന്റെ ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാത്ത ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

============================================================

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ(സാധാ).നം. 3308/ 2016/തസ്വഭവ തിരുവനന്തപുരം, തീയതി, 03/12/2016

============================================================

പരാമർശം: 1) 14.6.1994 ലെ 36/94/ധന നമ്പർ സർക്കുലർ.

2) ശ്രീമതി.സ്മിതാ തോമസിന്റെ 04.08.2014 ലെ ശൂന്യവേതനാവധിയപേക്ഷ.

3) പഞ്ചായത്ത് ഡയറക്ടറുടെ 06.04.2015, 28.07.2016 എന്നീ തീയതികളിലെ ഇ 6- 35739/14 നമ്പർ കത്തുകൾ.

4) കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 16.04.2016 ലെ എ 2-2101/16 നമ്പർ നടപടിക്രമം.

**<u>ഉത്തരവ്</u>**

പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.സ്മിതാ തോമസിന്റെ 03.05.2007 മുതൽ 30.08.2007 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് ശൂന്യവേതനാവധിയായി ക്രമീകരിക്കണമെന്നാവശ്യപ്പെട്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി.സ്മിതാ തോമസിന് 03.05.2007 മുതൽ 30.08.2007 വരെയുള്ള കാലയളവിലേക്ക് കടപ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി അനുവദിച്ച ശൂന്യവേതനാവധി റദ്ദാക്കിയതായി പരാമർശം (3) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 31.08.2007 ന് ടിയാൻ ജോലിയിൽ പുനഃപ്രവേശിച്ചു.

**(മറുപുറം...)**

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പത്തനംതിട്ട ജില്ലയിലെ കടപ്ര ഗ്രാമപഞ്ചായത്തിലെ മുൻ ക്ലാർക്കും നിലവിൽ എറണാകുളം ജില്ലയിലെ മുക്കന്നൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ക്ലാർക്കുമായ ശ്രീമതി.സ്മിതാ തോമസിന്റെ 03.05.2007 മുതൽ 30.08.2007 വരെയുള്ള കാലയളവിലെ ഹാജരില്ലായ്മക്കാലയളവ് കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല.സി.എസ്**
ഗവ. അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).
സെക്രട്ടറി, കടപ്ര ഗ്രാമ പഞ്ചായത്ത്, പത്തനംതിട്ട (പഞ്ചായത്ത് ഡയറക്ടർ മുഖേന).
ശ്രീമതി.സ്മിതാ തോമസ്, സീനിയർ ക്ലാർക്ക്, മുക്കന്നൂർ ഗ്രാമ പഞ്ചായത്ത്, എറണാകുളം.
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ.(164/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ